**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3211 18.10.2016-ൽ മറുപടിക്ക്

## സഹകരണ മേഖലയിൽ സുവർണ്ണം സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ<br>,, കെ. ആൻസലൻ<br>,, കെ. ബാബു<br>,, ജോർജ് എം. തോമസ് :** | **ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സഹകരണ മേഖലയുടെ ആധുനിക വത്ക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ, വിപ്രോയുടെ സാങ്കേതിക സഹകരണത്തോടു കൂടിയും മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ്, റ്റി.സി.എസ് മുതലായ ഏജൻസികളുടെ സഹകരണത്തോടെയും CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിലാക്കിയിട്ടുണ്ട്. അർബൻ |

ബാങ്കുകളിൽ ചിലവ NAFCUB ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത്.

(ബി) ഇതിന്റെ ഭാഗമായി എല്ലാ താലൂക്കുകളിലും 'സുവർണ്ണം' സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

വിഷരഹിത ജൈവ പച്ചക്കറി ഉല്പന്നങ്ങൾ, മുട്ട (കാട, കോഴി, താറാവ്), പാൽ, കേരളത്തിന്റെ തനത് സംസ്കാരത്തിന്റെ ഭാഗമായ കാർഷിക വിഭവങ്ങൾ, അനുബന്ധ ഉല്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, ശീതീകരണ സംവിധാനങ്ങൾ (ഫ്രീസർ), ജലസേചന ഉപകരണങ്ങൾ, പമ്പ് സെറ്റുകൾ, സർക്കാർ ഫാമുകളിലൂടെയും മറ്റും വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ജൈവ ഉല്പന്ന വിപണന ശൃംഖല രൂപീകരിച്ച് ജനോപകാരപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനമാക്കുക എന്നതാണ് സുവർണ്ണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുകൊണ്ടു ലക്ഷ്യമിടുന്നത്. ഓരോ വീടുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ വീട്ടാവശ്യത്തിൽ അധികമായി ഉല്പാദിപ്പിക്കുന്ന അവസരത്തിൽ ഇപ്രകാരം അധികമായി വരുന്ന വിഭവങ്ങൾക്ക് ഒരു വിപണി എന്നതാണ് സുവർണ്ണം സ്റ്റോർ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. കർഷക സേവന കേന്ദ്രങ്ങൾ, കാർഷിക രംഗത്ത് ആധുനിക കൃഷി സമ്പ്രദായങ്ങൾ, യന്ത്രവൽകൃത കൃഷിരീതികൾ, വിദഗ്ധ പരിശീലനം നേടിയ കർഷകർ, ഗുണമേന്മയുള്ള വിത്ത്, ജൈവവളം, ജൈവ കീടനാശിനികൾ തുടങ്ങിയവ

ലഭ്യമാക്കുന്നതിലൂടെ മികച്ച ഉല്പാദനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ നേരിട്ടും കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ, വ്യക്തികൾ എന്നിവർ വഴിയും വൻതോതിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, പാൽ, മുട്ട, ഇതര കാർഷിക ഉല്പന്നങ്ങൾ എന്നിവ വൻതോതിൽ ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ടി ഉല്പന്നങ്ങളുടെ വിപണനം വളരെയധികം പ്രാധാന്യമർഹിക്കുന്നതിനാൽ കാർഷിക ഉല്പന്നങ്ങൾക്ക് മികച്ചതും ഫലപ്രദവുമായ വിപണി കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമായതിനാൽ കേരളമൊട്ടാകെ സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ വിപണന സ്റ്റോറുകൾ സ്ഥാപിച്ച് പ്രവർത്തിക്കുക എന്നതാണ് സുവർണ്ണം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) വിവിധ തരത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാത്തരം കാർഷിക ഉത്പന്നങ്ങളുടെയും സ്ഥിരം വിപണി എന്ന നിലയിൽ സുവർണ്ണം സ്റ്റോറുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**